**മതമൗലികവാദികൾ മുതൽ ഇടതുപക്ഷക്കാരും ഭരണകൂടവും വരെയുള്ള സദാചാര പോലീസ് മനുഷ്യന്റെ സ്വാതന്ത്ര്യത്തിലും പൗരാവകാശങ്ങളിലും കടന്നുകയറാനുള്ള ഒന്നായാണ് (കപട) സദാചാരത്തെ ഉപയോഗിക്കുന്നത്. കേരളത്തിലെ ഈ സമീപകാല സംഭവങ്ങൾ അതിന് ദൃഷ്ടാന്തമാണ്.**

# 'സദാചാര'ത്തിന്റെ ഇരകൾ

സദാചാര പോലീസ് ചമഞ്ഞ് രണ്ടുപേർചേർന്ന് നടുറോഡിൽ യുവാവിനെ ക്രൂരമായി മർദിച്ചു. കായംകുളം താലൂക്ക് ആശുപത്രിക്ക് കിഴക്കുവശത്തെ റോഡിൽ നഗരസഭ നിർമിച്ച ടാക്സി സ്റ്റാൻഡ് ഷെഡ്ഡിലാണ് സംഭവം. റോഡിലൂടെ നടന്നുപോയ പെൺകുട്ടിയെ സൂക്ഷിച്ചുനോക്കിയതാണ് മർദനത്തിന് കാരണമായി പറയുന്നത്. ഇടിയും തൊഴിയും ചവിട്ടുമേറ്റ് അവശനായ യുവാവ് അവസാനം ഓടിരക്ഷപ്പെട്ടു. ഇത് സംബന്ധിച്ച് പരാതികളൊന്നും പോലീസിന് ലഭിച്ചിട്ടില്ല. ഒരു യുവാവിനെ രണ്ടുപേർ ചേർന്ന് ക്രൂരമായി മർദിക്കുന്നതും അടിക്കരുതെന്ന് യുവാവ് കാലുപിടിച്ച് അപേക്ഷിക്കുന്നതുമായ രംഗങ്ങൾ മൊബൈൽഫോണിൽ പ്രചരിച്ചതോടെയാണ് സംഭവം പുറത്തായത്. മർദിച്ചവരോടൊപ്പമുണ്ടായിരുന്ന ഇവരുടെ സുഹൃത്ത് തന്നെയാണ് രംഗം മൊബൈൽ ഫോൺ കാമറയിൽ പകർത്തിയത്. എം.എം.എസ്.വഴി ചിത്രങ്ങൾ കൂടുതൽ പേരിലേക്കെത്തിയതോടെ സംഭവം വിവാദമായി. പോലീസ് അന്വേഷണവും ആരംഭിച്ചു. ജില്ലാ പോലീസ് മേധാവിയുടെ നിർദേശപ്രകാരം കായംകുളം പോലീസ് സ്വമേധയാ കേസ്സെടുക്കുകയായിരുന്നു.

കണ്ണൂരിൽ ഗർഭിണിയായ ഭാര്യയേയും ഭർത്താവിനേയുമാണ് മറ്റൊരു സംഘം ക്രൂരമായി മർദിച്ചത്. ഭർത്താവിനെ കണ്ടാൽ മുസ്ലിംയുവതിയുടെ ഭർത്താവാണെന്ന് തോന്നുന്നില്ല എന്നു പറഞ്ഞായിരുന്നു മർദ്ദനം. മുസ്ലിം മതമൗലികവാദികളാണത്രെ അക്രമിച്ചത്. കൊടുങ്ങല്ലൂരിൽ ഡി.വൈ.എഫ്.ഐ പ്രവർത്തകരാണ് സദാചാരപോലീസിന്റെ വേഷത്തിൽ യുവാവിനെ തല്ലിച്ചതച്ചത്. ലൗ ജിഹാദിന്റെ പേരുപറഞ്ഞ് പലയിടത്തും ഹിന്ദുവർഗ്ഗീയവാദികളും സദാചാരപോലീസായി നിയമം കയ്യിലെടുക്കുകയുണ്ടായി. വടക്കൻ കേരളത്തിൽ സദാചാരപോലീസിന്റെ മർദ്ദനത്തിൽ രണ്ടുപേരെങ്കിലും മരണപ്പെട്ടിരുന്നു.

ഇടവക വികാരിയായ വൈദികനെ കന്യാസ്ത്രീയുമായി സംസാരിച്ചെന്ന പേരിൽ തട്ടികൊണ്ടു പോയി ക്രൂരമായി മർദ്ദിച്ച സംഭവവം തലശ്ശേരിയിലുണ്ടായി. സിപിഎം പ്രവർത്തകരാണ് വൈദികനെ മർദ്ദിച്ചതെന്നാണ് ആരോപണം. വഴിയിൽവെച്ച് തന്റെ ഇടവക കോൺവന്റിലെ ഒരു കന്യാസ്ത്രീയെ കാണ്ടപ്പോൾ കാറിൽ  കയറ്റുകയും സംസാരിക്കുകയും ചെയ്തതാണ് സദാചാരപോലീസിനെ പ്രകോപിപ്പിച്ചത്. അക്രമികൾ അച്ചനെ കാറിൽ നിന്നു വലിച്ചിറക്കി വിജനമായ സ്ഥലത്തേക്കു കൊണ്ടുപോയി മർദിച്ച് കന്യാസ്ത്രീയോട് താൻ അപമര്യാദയായി പെരുമാറിയെന്ന് ബലമായി പറയിപ്പിച്ചു. അത് ടേപ്പ് ചെയ്യുകയും ചെയ്തു.

തസ്നി ബാനു, നാടകപ്രവർത്തക കനി തുടങ്ങിയവർക്കു സദാചാരപോലീസിൽ നിന്നുണ്ടായ പീഡനം വലിയ വാർത്തയായിരുന്നല്ലോ. രാജ്മോഹൻ ഉണ്ണിത്താൻ, ഗോപി കോട്ടമുറിക്കൽ  എന്നീ രാഷ്ട്രീയനേതാളെ സദാചാരപോലീസ് പിടികൂടിയത് രാഷ്ട്രീയപക തീർ്കകാനായിരു്നനു. അടുത്തയിടെ കവയിത്രി റോസ് മേരി, ലോക പ്രശസ്ത തീയേറ്റർ ആർടിസ്റ്റ് ശങ്കർ നാഗിന്റെ പത്നി അരുന്ധതി നാഗ്, പ്രശസ്ത നടി രേവതി എന്നിവർക്ക് കോവളം ബീച്ചിൽ ഉണ്ടായ അനുഭവം പോലിസിന്റെ മഹത്തായ സദാചാരം വെളിപ്പെടുത്തുന്നു. തൃശൂർ നഗരത്തിൽ അടുത്തയിടെ തിയറ്ററുകളിൽനിന്നും മൃഗശാലയിൽനിന്നും മറ്റും ഒരുമിച്ചിരുന്നിരുന്ന സ്ത്രീ പുരുഷന്മാരെ പോലീസ് ജീപ്പിൽ കയറ്റി കൊണ്ടുപോയി. വീട്ടുകാരെ വിളിച്ചുവരുത്തിയാണ് പലരേയും വിട്ടയച്ചത്. ഇവരെല്ലാം പ്രായപൂർത്തിയായവരായിരുന്നു. അയൽപക്കക്കാരുടെ സദാചാരബോധം കൊണ്ട് വീടുകളിൽ കയറിയും പോലീസ് പലരേയും പിടികൂടിയിട്ടുണ്ട്.

ചുരുക്കത്തിൽ മതമൗലികവാദികൾ മുതൽ ഇടതുപക്ഷക്കാരും ഭരണകൂടവും വരെ മനുഷ്യന്റെ സ്വാതന്ത്ര്യത്തിലും പൗരാവകാശങ്ങളിലും കടന്നുകയറാനുള്ള ഒന്നായാണ് (കപട) സദാചാരത്തെ ഉപയോഗിക്കുന്നത്. സത്യത്തിൽ അനാരോഗ്യകരമായ സദാചാര സങ്കല്പം നിയമ വാഴ്ച്ചയിലുള്ള മതിപ്പില്ലായ്മയിൽ നിന്നും ആണ് പലപ്പോഴും ഉത്ഭവിക്കുന്നത്. ബൂർഷ്വാ നിയമപാലന സംവിധാനം ഒരു വശത്ത് ഔപചാരികമായി മനുഷ്യാവകാശങ്ങൾ അംഗീകരിക്കുമ്പോൾ തന്നെ, സ്വകാര്യ സ്വത്തുടമസ്ഥതയുടെ അടിത്തറയിൽ പടുത്തുയർത്തുന്ന കുടുംബത്തെ പൗരാവകാശങ്ങളുടെ തടവറയായും, പ്രയോഗത്തിൽ അതിന്റെ പരിധിക്കു പുറത്തും നില നിർത്തുന്നു. പലപ്പോഴും പോലീസും കോടതികളും കാട്ടുന്ന പക്ഷപാതങ്ങളും തെറ്റായ മാതൃകകളും സദാചാര പോലിസിങ്ങിനെ പ്രത്യക്ഷമായോ പരോക്ഷമായോ പ്രോത്സാഹിപ്പിക്കുന്നു.

ലൈംഗികതയുടെ മണ്ഡലം പവിത്രതയുടെ ഏതോ പരിവേഷത്തോടെ വേറിട്ട് കാണപ്പെടുന്നുവെങ്കിൽ അതിനു കാരണം മറ്റൊന്നുമല്ല; നിലവിലുള്ള കുടുംബ വ്യവസ്ഥയ്ക്കും അതിന്റെ അടിസ്ഥാനമായ സ്വകാര്യ സ്വത്തുടമസ്ഥതാ സമ്പ്രദായത്തിനും ലഭിക്കുന്ന ആൺകോയ്മാ സദാചാര മൂല്യങ്ങളുടെ ഉരുക്ക് കവചം നിമിത്തമാണ്. അരാഷ്ട്രീയമോ, വലതു രീതികൾ പിന്തുടരുന്ന ഒരു 'പ്രച്ഛന്ന ഇടതുപക്ഷ'ത്തിന്റെ വാൽ ആയി അംഗീകാരം നേടാൻ ശ്രമിക്കുന്നതോ ആയ പെൺപോരാട്ട സങ്കൽപ്പങ്ങൾക്ക് ഭാവനയിൽ പോലും ഇതിനെ മറികടക്കാൻ കഴിയില്ല.